(എ) സംസ്ഥാന വൈദ്യുത ബോർഡിൽ ഭരണസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി വരുന്ന വൈദ്യുതിയുടെ ചെലവെത്ര;

(ബി) മറ്റു വൈദ്യുത ബോർഡുകൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് വേണ്ടി എന്തു ചെലവ് ചെയ്യുന്നുവെന്നും., അതിൽ ഭരണസംബന്ധമായ കാര്യങ്ങൾക്ക് വേണ്ടി എത്രവീതം ചെലവഴിക്കുന്നുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) 1997-98 ലെ ഓഡിറ്റിന് വിധേയമാകേണ്ട വാർഷിക കണക്കുപ്രകാരം 70.29 ലക്ഷം രൂപയാണ്.

(ബി) കണക്കാക്കിയിട്ടില്ല.

138 (2516) വൈദ്യുതി ബോർഡ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. സുധാകരൻ :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രോവിഡന്റ് ഫണ്ട് അഡ്വാൻസ്, ഹൗസ് കൺസ്ട്രക്ഷൻ ലോൺ, ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ഓരോയിനത്തിലുമായി 30-6-99-ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കും കൊടുത്തുതീർക്കേണ്ട തുക എത്രയെന്ന് അറിയിക്കുമോ;

(ബി) ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പ്രതിമാസം പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് ഒട്ടാകെ അടയ്ക്കുന്ന തുകയെത്രയാണ്.

(സി) ഈ തുക പ്രത്യേക ഇനമായി സൂക്ഷിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഉദ്യോഗസ്ഥൻമാരും ജീവനക്കാരും പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് അടച്ചിട്ടുള്ള തുകയിൽനിന്ന് വൈദ്യുതി ബോർഡ് എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര തുക 30-6-99-ലെ കണക്കനുസരിച്ച് ഇപ്രകാരം ചെലവഴിച്ചിട്ടുണ്ടെന്ന് പറയുമോ;

(ജി) ഇപ്പോൾ കൊടുത്തു തീർക്കാനുള്ള പ്രോവിഡന്റ് ഫണ്ട് വായ്പ, ഹൗസ് കൺസ്ട്രക്ഷൻ ലോൺ, ഗ്രാറ്റുവിറ്റി എന്നീ ഓരോ ഇനത്തിലും എത്ര അപേക്ഷ വീതം പെൻഡിംഗ് ഉണ്ട്; ഇവയിൽ ഓരോന്നിലും ഏറ്റവും പഴക്കമുള്ള അപേക്ഷ എന്ന് സമർപ്പിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രോവിഡന്റ് ഫണ്ട് അഡ്വാൻസ്, ഹൗസ് കൺസ്ട്രക്ഷൻ ലോൺ, ഗ്രാറ്റുവിറ്റി, പെൻഷൻ എന്നീ ഇനങ്ങളിൽ 30-6-99 ലെ കണക്കനുസരിച്ച് വൈദ്യുതി ബോർഡിലെ ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും കൊടുത്തു തീർക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

		രൂപ ലക്ഷത്തിൽ
(1) പ്രോവിഡന്റ് ഫണ്ട് അഡ്വാൻസ്	-	650.00
(2) ഹൗസ് കൺസ്ട്രക്ഷൻ ലോൺ	-	8.00
(3) പെൻഷൻ ആനുകൂല്യങ്ങൾ	-	120.21
ആകെ	-	778.21

(ബി) 7.2.കോടി രൂപ.

(സി)&(ഡി) ഈ തുക പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിലാണ് വക കൊള്ളിക്കുന്നത്.

(ഇ) ഉണ്ട്. ഉദ്യോഗസ്ഥരും ജീവനക്കാരും പ്രോവിഡന്റ് ഫണ്ടിൽ അട യ്ക്കുന്ന തുകയിൽനിന്ന് ബോർഡിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കാൻ വ്യവസ്ഥയുണ്ട്.

(എഫ്) 1998-99ലെ ബോർഡിന്റെ വാർഷിക കണക്കുകൾ പൂർത്തിയാ യിട്ടില്ല. അതിനാൽ തുകയുടെ കൃത്യമായ കണക്ക് ഉടനെ ലഭ്യമല്ല.

(ജി) ലഭ്യമായ വിവരങ്ങളനുസരിച്ച് ഇനി കൊടുത്തു തീർക്കുവാനുള്ള കണക്ക് താഴെ ചേർക്കുന്നു.

പ്രോവിഡന്റ് ഫണ്ട് 2954 കേസ്സുകളിലും, ഹൗസ് കൺസ്ട്രക്ഷൻ ലോൺ 10 കേസ്സുകളിലും, ഗ്രാറ്റുവിറ്റി 458 കേസ്സുകളിലും കൊടുത്തു തീർക്കാ നുണ്ട്.

ഇവയിൽ ഏറ്റവും പഴക്കമുള്ള അപേക്ഷ ഓരോ ഇനത്തിലും യഥാ ക്രമം 11/98. 3/99,1 2/98 എന്നീ മാസങ്ങളിലുള്ളതാണ്.

139 (2517) കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷന്റെ നിവേദനം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി താരിഫിൽ വരുത്തിയ മാറ്റം ഹോട്ടൽ വ്യവസാ യത്തെ ദോഷകരമായി ബാധിക്കുന്നുണ്ട് എന്ന് ആക്ഷേപം ഉന്നയിച്ചുകൊണ്ട് കേരള ഹോട്ടൽ ആൻറ് റസ്റ്റോറന്റ് അസോസിയേഷന്റെ നിവേദനം ലഭിച്ചി ട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ പറഞ്ഞിരിക്കുന്ന കാര്യ ങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഹോട്ടലുകളെയും എൽ.ടി.7(ബി) വിഭാഗത്തിൽപ്പെടുത്തി നിരക്കുകൾ പുനർ നിർണ്ണയം ചെയ്യണമെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly